**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5102** **20-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ഭവനനിർമാണ ബോർഡ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഭവനനിർമാണ ബോർഡ് നിലവിൽ യാതൊരു പദ്ധതിയുമില്ലാതെ മുന്നോട്ട് പോകുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ഓരോ സാമ്പത്തിക വർഷവും വിവിധ പദ്ധതികൾക്കായി സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. ഭവന നിർമ്മാണ ബോർഡ് നിലവിൽ ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ചുള്ള വിവിധ പ്ലാൻ പദ്ധതികളായ ഗൃഹശ്രീ പദ്ധതി, ദുർബല /താഴ്ന്ന വിഭാഗക്കാർക്കായുള്ള ഭവന പദ്ധതി ,വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി, ആശ്വാസ് വാടക വീട് പദ്ധതി, സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഭവന പദ്ധതി , കിഫ്ബി പദ്ധതികൾ ,ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള വിവിധ പദ്ധതികൾ, പാരസ്പര്യം പദ്ധതികൾ , ബോർഡ് ട്രെയിനിങ് സെന്റർ തുടങ്ങി നിരവധി ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ